പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: T 2588 — 19.03.2015 ൽ മറുപടിക്ക്

**ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണത്തിന് കർമ്മ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ജോസഫ് വാഴയ്ക്കൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; | (എ) രാജ്യത്തെ ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി നിലവിൽ വന്ന 1974 ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമപ്രകാരം ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. ടി നിയമപ്രകാരം ആദ്യകാലങ്ങളിൽ വ്യവസായ സ്ഥാപനങ്ങളെ മാത്രമാണ് അനുമതി പരിധയിൽ കൊണ്ടു വന്നിരുന്നതെങ്കിലും കാലക്രമേണ ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ, ഹൗസ് ബോട്ടുകൾ തുടങ്ങി മലിനീകരണ സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളെയും/പ്രവർത്തനങ്ങളെയും അനുമതി പരിധിയിൽ കൊണ്ടു വന്ന് ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു. ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിയനുസരിച്ച് കുളങ്ങളുടെ ജല സംഭരണ ശേഷി വർദ്ധിപ്പിച്ച് സംരക്ഷിക്കുന്ന പ്രവർത്തനം നീർത്തട അടിസ്ഥാനത്തിൽ നിർവഹിച്ചു വരുന്നു. നദികളുടെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ജലസേചനവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നു. കൂടാതെ, സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ പാരിസ്ഥിതിക സംരക്ഷണത്തിന് സമഗ്രമായ മാർഗ്ഗരേഖകൾ തയ്യാറാക്കി നടപ്പാക്കുന്നുണ്ട്. |
| (ബി) ഇതിനായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി), (സി) ഉണ്ട്. 12-12-2014 ലെ സ.ഉ (അച്ചടി) 16/2014/പരിസ്ഥിതി നമ്പർ ഉത്തരവ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | |

| | | | |
|---|---|---|---|
| (ഡി) | ഉത്തരവ് പുറപ്പെടുവിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് അടിസ്ഥാനമാക്കി എടുത്തിട്ടുള്ളത്; | (ഡി) | കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2009-11) 17-07-2009 ൽ സമർപ്പിച്ച 6-ാമത് റിപ്പോർട്ട്, സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് 26-12-2012 ൽ നടത്തിയ ശില്പശാലയുടെ റിപ്പോർട്ട്, അന്താരാഷ്ട്ര ജല സഹകരണ വർഷാചരണം സംബന്ധിച്ച ബഹു. മുഖ്യമന്ത്രി 14-03-2013 ൽ നടത്തിയ ചർച്ചയുടെ നടപടിക്കുറിപ്പ്, 06-12-2012 ൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി അയച്ച 2775/എ2/12/എച്ച്.ആർ.സി നമ്പർ കത്ത്, അന്താരാഷ്ട്ര ജല സഹകരണ വർഷം പ്രമാണിച്ച് രൂപീകരിച്ച സംസ്ഥാനതല സമിതിയുടെ 22-07-13 ലെ ഒന്നാമത് യോഗത്തിന്റെ നടപടി റിപ്പോർട്ട് എന്നിവയും ഈ വിഷയത്തിൽ വിവിധ വകുപ്പ് തലവൻമാർ സമർപ്പിച്ച റിപ്പോർട്ടുകളും മാർഗ്ഗരേഖകൾ തയ്യാറാക്കാൻ അടിസ്ഥാനമാക്കിയിട്ടുണ്ട്. |
| (ഇ) | ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്? | (ഇ) | 12-12-2014 ലെ സ.ഉ (അച്ചടി) നം. 16/2014/പരിസ്ഥിതി അനുസരിച്ച് നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും, സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്